**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **01-02-2024 - ൽ മറുപടിയ്ക്ക്**

**അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സംസ്ഥാന ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന തിരുവമ്പാടി-കൊടുവള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിന് കാലതാമസം വന്ന കാരണം വിശദമാക്കുമോ; | (എ) | 10/07/2017 -ലെ GO (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മേൽ പ്രവൃത്തിയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി 29/08/2019-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23/10/2019-ന് -കെ.ആർ.എഫ്.ബി ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. കെ.ആർ.എഫ്.ബി 14/01/2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചു കൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ഡി.പി.ആർ സമർപ്പിക്കുവാൻ 29/01/2020-ന് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്ക് കേളംമൂല മുതൽ അടിവാരം വരെ 23.7 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. എന്നാൽ കേളംമൂല അടിവാരം റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈന്മെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹു. തിരുവമ്പാടി എം.എൽ.എ. യുടെ ആവശ്യപ്രകാരം ആ ഭാഗം ഉൾപ്പെടുത്തി അടിവാരം മുതൽ കണ്ണപ്പൻകുണ്ടു വരെയുള്ള ഭാഗം റീ ഇൻവെസ്റ്റിഗേഷൻ RIQC മുഖേന തയ്യാറാക്കുകയും ബാക്കി ഭാഗത്തെ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കിഫ്ബി മാനദണ്ഡപ്രകാരമുള്ള DPR തയ്യാറാക്കുന്നതിന് പൊതുമരാമത്ത് PPU വിഭാഗം തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ബി) | അടിവാരം-കേളൻമൂല റോഡ് പ്രൊപോസൽ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് | (ബി) | 10/07/2017 -ലെ GO (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മേൽ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | പ്രവൃത്തിയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി 29/08/2019-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23/10/2019-ന് -കെ.ആർ.എഫ്.ബി ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. കെ.ആർ.എഫ്.ബി 14/01/2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചു കൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ഡി.പി.ആർ സമർപ്പിക്കുവാൻ 29/01/2020-ന് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്ക് കേളംമൂല മുതൽ അടിവാരം വരെ 23.7 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. എന്നാൽ കേളംമൂല അടിവാരം റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈന്മെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹു. തിരുവമ്പാടി എം.എൽ.എ. യുടെ ആവശ്യപ്രകാരം ആ ഭാഗം ഉൾപ്പെടുത്തി അടിവാരം മുതൽ കണ്ണപ്പൻകുണ്ടു വരെയുള്ള ഭാഗം റീ ഇൻവെസ്റ്റിഗേഷൻ RIQC മുഖേന തയ്യാറാക്കുകയും ബാക്കി ഭാഗത്തെ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കിഫ്ബി മാനദണ്ഡപ്രകാരമുള്ള DPR തയ്യാറാക്കുന്നതിന് പൊതുമരാമത്ത് PPU വിഭാഗം തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (സി) | അടിവാരം-കേളൻമൂല റോഡിന് ധനാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരമുള്ള പുതുക്കിയ DPR നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ